PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

Third Session—1955.

Saturday, the 15th October 1955.

Vol. XIV] OFFICIAL REPORT [No. 10

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Saturday, the 15th October 1955, with Mr. Speaker in the Chair.

ശ്രീ. പി. ആർ. മാധവൻപിള്ള: ഇന്നലത്തെ ലിസ്റ്റ് ആഫ് ബിസിനസ്സിൽ ടെനൻസി ഇംപ്രൂവുമെൻറ് ബിൽ ചേർത്തിട്ടുണ്ടായിരുന്നു. അതു് ഇന്നത്തെ അജൻഡായിൽ കാണുന്നില്ല. അതു് ഇന്നു് ചേർക്കാത്തതിനു കാരണമെന്താണെന്നു പറഞ്ഞാൽ കൊള്ളാം.

MR. SPEAKER: That matter will be taken up after the question time.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

പി. ഡബ്ലിയു. ഡി. സബ്ഡിവിഷൻ കമ്മിറ്റികൾ.

* 470. [1] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യത്തിന്മേൽ പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. ഡബ്ലിയു. ഡി. സബ്ഡിവിഷൻ കമ്മിറ്റികൾ ഈ സാമ്പത്തികവർഷത്തിൽ ഇതിനകം എത്ര തവണ കൂടുകയുണ്ടായിട്ടുണ്ടു്;

(ബി) രണ്ടുമാസത്തിലൊരിക്കൽ കൂടണമെന്ന വ്യവസ്ഥ പാലിക്കപ്പെടാതിരിക്കുന്നതിനുള്ള കാരണമെന്താണു്;

(സി) പുതിയ ജോലികളുടെ പ്രയോറിട്ടി നിശ്ചയിക്കുക എന്നതിലുപരിയായി ഈ ഡിപ്പാർട്ട്മെൻറിന്റെ പ്രവർത്തനത്തെയാകെ നിയന്ത്രിക്കുകയും ഉപദേശിക്കുകയും ചെയ്യുന്ന കമ്മിറ്റികളായി സബ്ഡിവിഷൻ കമ്മിറ്റികളെ രൂപാന്തരപ്പെടുത്താൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. SPEAKER: Question I had been already answered.

ശ്രീ. എൻ. നിലകണ്ഠൻ പണ്ടാരത്തിൽ: (സി)-ക്കു് ഉത്തരം കിട്ടിയില്ല.

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ): ഇല്ല.

ശ്രീ. എൻ. നിലകണ്ഠൻപണ്ടാരത്തിൽ: പ്രയാറിട്ടി നിശ്ചയിക്കുക മാത്രമാണോ സബ്ഡിവിഷൻ കമ്മിറ്റിയുടെ ജോലി?

ശ്രീ. കെ. ഐ. വേലായുധൻ: പ്രയാറ്റി മാത്രമല്ല, എതെല്ലാം വർക്കു് ചെയ്യാമെന്നും റൂൾസു് പബ്ലിഷ് ചെയ്തിട്ടുണ്ടു്. അതിലെ പതിമൂന്നും, പതിനാറും നമ്പരുകളും വായിച്ചാൽ എതെല്ലാം ജോലി ചെയ്യുന്നതിനു് ഈ കമ്മിറ്റിക്കു് അധികാരമുണ്ടെന്നു കാണാവുന്നതാണു്.

ശ്രീ. പി. എസ്. നടരാജപിള്ള: റൂൾസു് അനുസരിച്ചു് ഓവിയിലെ വർക്കുകളെപ്പറ്റി പരിശോധിക്കുക മാത്രമല്ലേ സാദ്ധ്യമുള്ളൂ?

ശ്രീ. കെ. ഐ. വേലായുധൻ: അതെ, ഓവിയിലെ ജോലികളെ സംബന്ധിച്ചു മാത്രമാണു്.

ശ്രീ. പി. എസ്. നടരാജപിള്ള: നടത്തിയ ജോലികളെപ്പറ്റി റെവ്യൂ ചെയ്യുന്നതിനു് അധികാരമുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: ഉണ്ടു്.

ശ്രീ. എൻ. നിലകണ്ഠൻ പണ്ടാരത്തിൽ: റൂൾസു് ഞാൻ വായിച്ചു നോക്കി. അതിൽ ഇങ്ങനെ അധികാരമുള്ളതായി കാണുന്നില്ല. അതിനാൽ ഏതു സെക്ഷൻപ്രകാരമാണു് ഇതിനു അധികാരമുള്ളതു് എന്നു് പറഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. ഐ. വേലായുധൻ: പതിമൂന്നും പതിനാറും വകുപ്പുകളും അനുസരിച്ചു്.

ശ്രീ. പി. ആർ. മാധവൻപിള്ള: റെവ്യൂ ചെയ്യാൻ അധികാരം ഉണ്ടെന്നാണോ പറയുന്നതു്?

ശ്രീ. കെ. ഐ. വേലായുധൻ: നടത്തിയ ജോലികളെ സംബന്ധിച്ചു് വിശകലനംചെയ്തു് അഭിപ്രായം രേഖപ്പെടുത്തുവാൻ അധികാരമുണ്ടു്.

ശ്രീ. പി. എസ്. നടരാജപിള്ള: അങ്ങനെ രേഖപ്പെടുത്തുന്ന അഭിപ്രായങ്ങൾ ഡിപ്പാർട്ടുമെൻറ് അദ്ധ്യക്ഷനു് അയച്ചുകൊടുക്കേണ്ടതുണ്ടോ, അതോ ഗവണ്മെൻറിനാണോ അയച്ചുകൊടുക്കേണ്ടതു്?

ശ്രീ. കെ. ഐ. വേലായുധൻ: കൺവീനർമുഖാന്തിരം ഗവണ്മെൻറിലേയ്ക്കു്.

ശ്രീ. പി. എസ്. നടരാജപിള്ള: ഈ കമ്മിറ്റികളുടെ മിനിറ്റ്സോ, പ്രൊസീഡിംഗ്സോ ഗവണ്മെൻറിനയക്കുന്നുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: ഏതെങ്കിലും ഒരു റസല്യൂഷൻ പാസ്സാക്കുകയോമറ്റോ ചെയ്താൽ അതു് ഗവണ്മെൻറ്നു് കിട്ടുന്നുണ്ടു്.

ശ്രീ. വി. വി. ചെറിയാൻ: വർക്കു് കമ്മിറ്റികളും പാസ്സാക്കിട്ടുള്ള പ്രയാറിറ്റി ലിസ്റ്റും അനുസരിച്ചു് സെൻട്രൽകമ്മിറ്റി പ്രവർത്തിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഐ. വേലായുധൻ: പ്രവർത്തിക്കാറുണ്ട്.

ശ്രീ. എം. വി. ചെറിയാൻ: പ്രവർത്തിക്കണം എന്നു് നിർബന്ധമുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: സാധാരണഗതിയിൽ അതിനപ്പുറം പോകാറില്ല.

ശ്രീ. സി. എ. മാത്യു: വക്കുകമ്മിറ്റിയും ഇപ്പോൾ ചെയ്യാത്ത ജോലികളും ചെയ്യിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: അതിനു് അധികാരം ഉണ്ടു്.

ശ്രീ. എൻ. നീലകണ്ഠപിള്ള: കഴിഞ്ഞ ബഡ്ജറ്റിൽ മന്ത്രി പറയുകയുണ്ടായി, തുക കൊള്ളിച്ചതിനുശേഷം പ്രയാറിട്ടി നിശ്ചയിക്കാൻ കമ്മിറ്റിയെയും കൂടുമെന്നു്. എന്നാൽ ഇതുവരെ കമ്മിറ്റി കൂടുകയുണ്ടായിട്ടില്ല.

ശ്രീ. കെ. ഐ. വേലായുധൻ: കഴിഞ്ഞ പ്രാവശ്യം കുറെ തുക മൊത്തമായി കൊള്ളിക്കുകയാണുണ്ടായതു്. അതിന്റെ വെളിച്ചത്തിൽ ഏതെല്ലാം ഇനങ്ങൾക്കാണു് സംഖ്യ ഉൾപ്പെടുത്തേണ്ടതു് എന്നു് സെൻട്രൽ കമ്മിറ്റി പാസ്സാക്കുകയും അതു അംഗീകരിക്കുകയുമാണു് ചെയ്തിട്ടുള്ളതു്. ഇനി താമസിയാതെ കമ്മിറ്റി കൂടും.

ശ്രീ. പി. എസ്. നടരാജപിള്ള: കമ്മിറ്റികളിൽ മെംബറന്മാരായ എക്സിക്യൂട്ടീവു് എഞ്ചിനീയറന്മാരും കമ്മിറ്റി അറേഞ്ച് ചെയ്യണമെന്നു് നിർദ്ദേശം കൊടുക്കാമോ?

ശ്രീ. കെ. ഐ. വേലായുധൻ: എക്സിക്യൂട്ടീവു് എഞ്ചിനീയർ ഇല്ലെങ്കിലും സബ്ബ് ഡിവിഷൻ ആഫീസർ ഹാജരാകാറുണ്ടു്. അതേഫോം കമ്മിറ്റിയുടെ കൺവീനറാണു്.

ശ്രീ. പി. എസ്. നടരാജപിള്ള: ചില വർക്കുകളെല്ലാം നടത്തുന്നതിനു് ലാൻഡ് അക്വയർ ചെയ്തു കിട്ടേണ്ടതായിട്ടുണ്ടു്. അതിനെല്ലാം എക്സിക്യൂട്ടീവു് എഞ്ചിനീയറുമായി കൂടിയാലോചിക്കേണ്ടതും ഉണ്ടു്. അതുകൊണ്ടു് ഡിവിഷൻ ആഫീസറന്മാരും ഇതിൽ അറേഞ്ച് ചെയ്യണമെന്നു് നിർദ്ദേശം നൽകിയാൽ കൊള്ളാം.

ശ്രീ. കെ. ഐ. വേലായുധൻ: അങ്ങനെയുണ്ടെങ്കിൽ അതു് സബ്ബ് ഡിവിഷൻ ആഫീസർ ഡിവിഷൻ ആഫീസറുമായി ആലോചിച്ചു വേണ്ടതു ചെയ്യുന്നതാണു്.

ശ്രീ. എം. വി. ചെറിയാൻ: സബ്ബ് ഡിവിഷൻ കമ്മിറ്റി റെക്കമെൻഡ് ചെയ്തിട്ടുള്ളതു് അകാരണമായി സെൻട്രൽ കമ്മിറ്റി തള്ളിയിട്ടുണ്ടെന്നുള്ള വിവരം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: സാധാരണ അങ്ങനെ ചെയ്യാറില്ല; അങ്ങനെയുണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിക്കുന്നതാണു്.

ശ്രീ. പി. ആർ. മാധവൻപിള്ള: വർക്കു കമ്മിറ്റി റെക്കമെൻഡു ചെയ്യാത്തതു് സെൻട്രൽ കമ്മിറ്റി ബഡ്ജറ്റിൽ ഉൾപ്പെടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെ ഇല്ലെന്നാണ് തോന്നുന്നത്. ഉണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. എൻ. നീലകണ്ഠപ്പണ്ടാരത്തിൽ : Lump sum പ്രൊവിഷൻ കൊള്ളിച്ചതിനുശേഷം ചിറയിൻകീഴിലും, തിരുവനന്തപുരം ഈസ്റ്റിലും കമ്മിറ്റി കൂടിയിട്ടുണ്ട് എന്നു് അറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : 25 ലക്ഷം രൂപ "ലംപ്സം" പ്രൊവിഷൻ ആണ്. അതിനുശേഷമാണ് കമ്മിറ്റി കൂടുന്നത്. ഏതായാലും സെൻട്രൽ കമ്മിറ്റി കൂടുന്നതിനു മുമ്പു് സബ്ബ് കമ്മിറ്റി കൂടുന്നതാണ്.

ശ്രീ. എൻ. നീലകണ്ഠപ്പണ്ടാരത്തിൽ : രണ്ടുമാസത്തിലൊരിക്കലെങ്കിലും കമ്മിറ്റി കൂടണമെന്നു് നിബന്ധന ഉണ്ടായിരിക്കെ അങ്ങനെ കൂടാത്തതു് എന്താണ് ?

ശ്രീ. കെ. ഐ. വേലായുധൻ : അതേപ്പറ്റി അന്വേഷിക്കാം.

ഹൈവേസ് നന്നാക്കുന്ന വകയ്ക്കു നീക്കിവച്ചിട്ടുള്ള തുക.

* 471. [2] ശ്രീ. എൻ. നീലകണ്ഠപ്പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954–55 സാമ്പത്തിക വർഷത്തിൽ കേന്ദ്രഗവണ്മെന്റിൽ നിന്നു നമ്മുടെ സംസ്ഥാനത്തിലേയ്ക്കു് പ്രൊവിൻഷ്യൽ ഹൈവേസ് നന്നാക്കുന്നവകയ്ക്കു് എന്തു തുക നീക്കിവച്ചിരുന്നു ;

(ബി) ഇതിൽ എന്തു തുക ചെലവായി ; ഏതെല്ലാം റോഡുകൾക്കു് ;

(സി) നെടുമങ്ങാട്–ഷൊർലക്കാട് റോഡ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കഴിഞ്ഞകൊല്ലം ചെലവിടുന്നതിനു് എത്ര രൂപ ചേർത്തിരുന്നു ; ഇതു് ചെലവിടുകയുണ്ടായിട്ടുണ്ടോ ;

(ഡി) ഇക്കൊല്ലം ഈ റോഡിൽ എന്തു തുക ചെലവാക്കാനുദ്ദേശിക്കുന്നു ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) 16,56,200 രൂപ

(ബി) 10,71,543 രൂപാ. നെടുമങ്ങാട് – ഷൊർലക്കാട് റോഡ്, ചങ്ങനാശേരി – തൊടുപുഴറോഡ്, ആനമലറോഡ്, കോട്ടയം–കുമിളിറോഡ്, ഈ റോഡുകൾ കഴിഞ്ഞവർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

(സി) 5,31,150 രൂപ.

(ഡി) അഞ്ചു ലക്ഷം രൂപ കൊള്ളിച്ചിരിക്കുന്നു.

ശ്രീ. എൻ. നീലകണ്ഠപ്പണ്ടാരത്തിൽ : കഴിഞ്ഞകൊല്ലം ഈ തുക ചെലവാകാത്തതു് എന്താണ് ?

ശ്രീ. കെ. ഐ. വേലായുധൻ : സാമഗ്രികൾ ആവശ്യമുള്ളതു് കിട്ടിയില്ല.

LIBRARY ARCHIVES Kerala Legislative Assembly